# Athmaraksha.org

അനുദിന പ്രാർത്ഥനകൾ

## പരീക്ഷയ്ക്കു പോകുമ്പോഴുള്ള പ്രാർത്ഥന-Exam




### പരീക്ഷയ്ക്കു പോകുമ്പോഴുള്ള പ്രാർത്ഥന

ഞങ്ങളുടെ രക്ഷകനും നാഥനുമായ ഈശോയെ, അങ്ങയുടെ പ്രത്യേക അനുഗ്രഹം സ്വീകരിക്കുവാനായി അവിടത്തെ സന്നിധിയിൽ അണഞ്ഞിരിക്കുന്ന എന്നെ അങ്ങ് കരുണാപൂർവ്വം അനുഗ്രഹിക്കണമേ. പരീക്ഷ എഴുതുവാനായി പോകുന്ന എന്നേയും എന്റെ എല്ലാ കഴിവുകളേയും അങ്ങേക്കു ഞാൻ സമർപ്പിക്കുന്നു. അങ്ങയുടെ വലതുകരം നീട്ടി എന്നെ അനുഗ്രഹിച്ചാലും വിശുദ്ധഗ്രന്ഥവും പ്രവചനങ്ങളും ഗ്രഹിക്കുവാൻ പരിശുദ്ധാത്മാവിനെ അയച്ച് ശ്ലീഹന്മാരുടെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്ത കർത്താവേ, എന്റെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്യണമേ. പഠിച്ച കാര്യങ്ങൾ വേണ്ടവിധം ഓർക്കുവാനും ചോദ്യങ്ങൾ യഥോചിതം മനസ്സിലാക്കി, കൃത്യമായി ഉത്തരം എഴുതുവാനും ആവശ്യമായ കൃപാവരം അങ്ങെനിക്കു നൽകണമേ. അങ്ങയുടെ പ്രത്യേക സംരക്ഷണവും പരിപാലനയും ഈ പരീക്ഷയിലുടനീളം എനിക്കു ലഭിക്കുമാറാകട്ടെ. ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും അങ്ങേ മഹത്ത്വപ്പെടുത്തിക്കൊണ്ട് ജീവിക്കുവാൻ എന്നെ അങ്ങു സഹായിക്കുകയും ചെയ്യണമേ. ഞങ്ങളുടെ അമ്മയായ പരിശുദ്ധ കന്യാകാമറിയമേ, വിശുദ്ധ യൗസേപ്പിതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ. എന്നെ കാക്കുന്ന കർത്താവിന്റെ മാലാഖയേ, എനിക്കു കൂട്ടായിരിക്കണമേ, നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ആമ്മേൻ.

### തിരുവചനം

എന്നെ വിളിക്കുക. ഞാൻ മറുപടി നൽകും. നിന്റെ ബുദ്ധിക്കതീതമായ മഹത്തും നിഗൂഢവുമായ കാര്യങ്ങൾ ഞാൻ നിനക്കു വെളിപ്പെടുത്തും (ജറെമിയ 33:3).

എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. (റോമാ9.16) മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം. (ഏശയ്യാ 65.24) വിളിക്കും മുൻപേ ഞാൻ അവർക്ക് ഉത്തരമരുളും , പ്രാർത്ഥിച്ചു തീരുംമുമ്പേ ഞാൻ അതു കേൾക്കും (യോഹന്നാൻ 15:5).

നിങ്ങളിൽ ജ്ഞാനം കുറവുള്ളവൻ ദൈവത്തോടു ചോദിക്കട്ടെ അവന് അതു ലഭിക്കും കുറ്റപ്പെടുത്താതെ എല്ലാവർക്കും ഉദാരമായി നൽകുന്നവനാണ് അവിടുന്ന് (യാക്കോബ് 1:5) .

ദൈവം സോളമന് അളവറ്റ ജ്ഞാനവും ഉൾക്കാഴ്ചയും കടൽത്തീരംപോലെ വിശാലമായ ഹൃദയവും പ്രദാനം ചെയ്തു (1.രാജാക്കന്മാർ 4:29).

+++